പതിനാലാം കേരള നിയമ സഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6413 — 21.11.2019- ൽ മറുപടിക്ക്

## ഒള്ളൂർ കടവ് പാലം നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി, കൊയിലാണ്ടി മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഒള്ളൂർ കടവ് പാലത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിലുള്ള കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഒള്ളൂർ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന റിയിക്കാമോ; | (ബി) & (സി) | ടി പാലത്തിന് സ.ഉ.(സാധാ) നം. 1185/09/പി.ഡബ്ല്യു.ഡി. തീയതി. 14/08/2009 പ്രകാരം 850 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുകയിൽ നിന്നും ഇൻവെസ്റ്റിഗേഷന് 95000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതി ലേക്കായി 2.17 ലക്ഷം രൂപയ്ക്ക് 08-09-2015 ലെ സ.ഉ.(സാധാ) നം. 1318/2015/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുക അനുവദിക്കാതിരുന്നതിനാൽ ഈ ഉത്തരവ് ഡിനോവ ആയി. ഇപ്പോൾ പാലം നിർമ്മിക്കുന്നതിലേക്കായി 1700 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പാലം ജലഗതാഗത പാതയിൽ വരുന്നതിനാൽ പാലത്തിന് ഉയരം കൂട്ടി നിർമ്മിക്കേണ്ടതുണ്ട്. ഭൂമി ഏറ്റെടുക്കേണ്ടതിനുള്ള തുകയും കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത്; | | |

| | | | |
|---|---|---|---|
| (ഡി) | പാലം നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | പാലം നിർമ്മാണം വേഗത്തിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ